# തസ്രാക്ക്

**• അഷ്കർ കബീർ**




'കയറി'ലൂടെ തകഴിയും, 'ഒരു ദേശത്തിന്റെ കഥ'യിലൂടെ എസ്.കെ. പൊറ്റെക്കാട്ടും, 'മയ്യഴിപ്പുഴയുടെ തീരങ്ങളി'ലൂടെ എം. മുകുന്ദനും അനശ്വരമാക്കിയ ദേശങ്ങളാണ് കുട്ടനാടും അതിരാണിപ്പാടവും മയ്യഴിയും. എന്നാൽ ഒരു നോവലിന്റെ പാശ്ചാത്തല ഭൂമി ഒരു സാഹിത്യ തീർത്ഥാടന കേന്ദ്രമായി മാറുകയാണ് ഒ.വി. വിജയന്റ 'ഖസാക്കിന്റെ ഇതിഹാസം.'ത്തിലൂടെ സംഭവിച്ചത്.

പാലക്കാടിനടുത്തുള്ള കാർഷിക ഗ്രാമമായ തസ്രാക്കാണത്. ഖസാക്കിന്റെ ജൻമഗ്രാമത്തിലെ ഞാറ്റുപുരയും പാടങ്ങളും കരിമ്പനക്കൂട്ടങ്ങളും ഓത്തുപള്ളിയും കാണാനും അറിയാനും വിജയൻ സഞ്ചരിച്ച വീഥികളെ തൊട്ടറിയാനുമാണ് ഈ യാത്ര.

പാലക്കാട് നഗരത്തിൽ നിന്ന് പന്ത്രണ്ട് കിലോമീറ്റർ സഞ്ചരിച്ചാൽ കിണാശ്ശേരി ഗ്രാമത്തിലെത്താം. അതിനടുത്തുള്ള പെരുംബവ തോട്ടുമുക്ക് പാലത്തിനടുത്ത വീഥികളിലൂടെ സഞ്ചരിച്ചാൽ തസ്രാക്കിലെത്തിച്ചേരാം. കരിമ്പനകളുടെ ഈ ഗ്രാമത്തെയാണ് ഖസാക്കിന്റെ ഇതിഹാസത്തിലൂടെ വിജയൻ സാഹിത്യ ലോകത്ത് പ്രതിഷ്ഠിച്ചത്.




തസ്രാക്കിലെ ഏകാധ്യാപക വിദ്യാലയത്തിലെ അധ്യാപികയായിരുന്നു വിജയന്റെ മൂത്ത സഹോദരി. കുറച്ചു കാലം വിജയനും അവരോടൊപ്പമുണ്ടായിരുന്നു. അക്കാലത്തെ അനുഭവങ്ങളും കാഴ്ചകളും സ്വപ്ന സമാനമായ ഭാവനയിലൂടെ വിഭ്രമിപ്പിക്കുന്ന ഭാഷയിൽ കോറിയിട്ട മാസ്മരിക നോവലാണ് ഖസാക്കിന്റെ ഇതിഹാസം.

മലയാള സാഹിത്യത്തിൽ റാവുത്തർ മുസ്‌ലിം ജീവിതം ആദ്യമായി കടന്നുവന്ന നോവൽ കൂടിയായിരുന്നു ഖസാക്ക്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട് ജില്ലകളിലാണ് തുർക്കി തമിഴ് വേരുകളും പൈതൃകവുമുള്ള റാവുത്തർ വിഭാഗം അധികമായി കാ

▸▸ പാരീസ് ഓഫ് കേരള എന്നറിയപ്പെടുന്ന സ്ഥലം– തലശ്ശേരി





*സ്മാരകത്തിലേക്കുള്ള കവാടം*

ണപ്പെടുന്നത്. പാലക്കാട്ടെ റാവുത്തർ ജീവിതങ്ങളുടെ ഭാഷയും സംസ്കാരവുമാണ് നോവലിന്റേത്. കഥാപാത്രങ്ങളായ അല്ലാപ്പിച്ച മൊല്ലാക്കയും അപ്പുക്കിളിയും മൈമൂനയും നൈജാമലിയും രവിയും തുടങ്ങിയ കഥാപാത്രങ്ങൾ അനേകം പഠനങ്ങൾക്കും നാടകങ്ങൾക്കും വഴിതെളിയിച്ചു. മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള ദീപൻ ശിവരാമന്റെ ഖസാക്കിന്റെ ഇതിഹാസ നാടകമായിരുന്നു കൂട്ടത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടത്. നോവലിന്റെ പിന്നിലെ കഥയെക്കുറിച്ച് വിജയൻ തന്നെ 'ഇതിഹാസത്തിന്റെ ഇതിഹാസം' എന്നൊരു കൃതിയും രചിച്ചിട്ടുണ്ട് .

സക്കറിയ, മുകുന്ദൻ, കാക്കനാടൻ തുടങ്ങിയവരടങ്ങിയ ദൽഹിയിലെ സാംസ്കാരിക കൂട്ടായ്മയിലാണ് വിജയൻ ഖസാക്കിന്റെ ഇതിഹാസം ആദ്യമായി അവതരിപ്പിക്കുന്നത്. എഴുതി 12 വർഷങ്ങൾക്ക് ശേഷമായിരുന്നു ഇത്.

ഒ.വി വിജയൻ താമസിച്ചിരുന്ന ഞാറ്റുപുരയാണ് തസ്രാക്കിൽ ആദ്യമായി സ്വാഗതം ചെയ്യുന്നത്. ഒ.വി സ്മാരക സമിതിക്ക് കീഴിലെ ഒ.വി. വിജയൻ സ്മാരകമാണ് ഇന്നിത്. സമിതിക്ക് കീഴിൽ ഓരോ വർഷവും വിവിധ പരിപാടികൾ നടന്നു വരുന്നു. വി.കെ.രാജനും ജോസഫ് എം. വർഗീസും ജോൺസൺ മാത്യുവും ഹോചിമിനും ശിൽപങ്ങളിൽ തീർത്ത ഖസാക്കിലെ കഥാപാത്രങ്ങളാണ് സ്മാരകത്തിലെ മുഖ്യ ആകർഷണം. വിവിധ കാലങ്ങളിലെ വിജയന്റെ ചിത്രങ്ങൾ, കാർട്ടൂണുകൾ, കത്തുകൾ തുടങ്ങിയവയും സ്മാരകത്തെ ശ്രദ്ധാകേന്ദ്രമാക്കുന്നു. ഈയിടെ മലയാളം പള്ളിക്കൂടത്തിലെ വിദ്യാർത്ഥികളും വിഖ്യാത സംവിധായകൻ അടൂർ ഗോപാലകൃഷ്ണനും തസ്രാക്കിൽ ഒത്തു ചേരുകയുണ്ടായി. ഖസാക്കിന്റെ നോവലിലെ 28 അധ്യായങ്ങളിലെ തിരഞ്ഞെടുത്ത വരികൾക്ക് ആർട്ടിസ്റ്റ് ഭട്ടതിരി തയ്യാറാക്കിയ കലിഗ്രഫിയുടെ പ്രകാശനത്തിനായിരുന്നു ഒത്തുചേരൽ.

ഞാറ്റുപുരക്ക് തൊട്ടടുത്ത് തന്നെയാണ് അല്ലാപ്പിച്ച മൊല്ലാക്കയുടെ പള്ളി. മൈമൂനയും കൂട്ടരും കലപില കൂട്ടിയിരുന്ന മദ്രസയുടെ സ്ഥാനത്ത് ഇന്ന് രണ്ട് നിലകളിലുള്ള ദാറുൽ ഉലൂം മദ്രസയാണ്. പള്ളിക്കടുത്ത കുളമാകട്ടെ ആകെ പായൽ മൂടി വൃത്തിഹീനമായി കിടക്കുന്നു. നോവലിലെ കഥാപാത്രം കൂടിയാണ് ഈ കുളം. നൈജാമലിയും അപ്പുക്കിളിയും സഞ്ചരിച്ചിരുന്ന പാടവും കരിമ്പനക്കൂട്ടങ്ങളുമൊക്കെ നിറം മങ്ങിയിരിക്കുന്നു. അസ്തിത്വ ദുഃഖം പേറി രവി നടന്നകന്ന വീഥികൾ ചുട്ടുപൊള്ളുന്നു.

ഖസാക്കിന്റെ ഇതിഹാസം അനശ്വരമാക്കിയ തസ്രാക്ക് സാഹിത്യ പ്രേമികളുടെ തീർത്ഥാടന കേന്ദ്രം കൂടിയാണിന്ന്.

◆

▸▸ ഇന്ത്യയിലെ ആദ്യത്തെ മണ്ണ് മ്യൂസിയം– പാറോട്ട് കോണം(തിരുവനന്തപുരം)